**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 84** **06-02-2023 - ൽ മറുപടിയ്ക്ക്**

**ലഹരിക്കെതിരെ യുവജന മുന്നേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികളിലും യുവജനങ്ങളിലും ലഹരി ഉപയോഗം വർദ്ധിക്കുന്ന സാഹചര്യത്തിൽ ലഹരിക്കെതിരെ യുവജന മുന്നേറ്റം സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികളിലും യുവജനങ്ങളിലും ലഹരി ഉപയോഗം വർദ്ധിക്കുന്ന സാഹചര്യത്തിൽ വിവിധ ബോധവത്കരണ പരിപാടികൾ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്നുണ്ട്. NO TO DRUGS എന്ന മുദ്രാവാക്യം ഉയർത്തി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന മയക്കുമരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കുവാനുള്ള വിപുലമായ പദ്ധതിയുടെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ 2022 മാർച്ച് 30-ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിന് എതിരായി ജനസഭ എന്ന പേരിൽ സംഘടിപ്പിച്ച ജനകീയ കൂട്ടായ്മയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരി വിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ നടത്തി. മന്ത്രിമാർ, എംഎൽഎ മാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പോലീസ്, എക്സൈസ് മേധാവികൾ, ആരോഗ്യ രംഗത്തെ പ്രമുഖർ, യുവജന ക്ലബ്ബുകളിലെ പ്രവർത്തകർ തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി. ഈ പരിപാടിയിൽ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്. ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ തുടർച്ചയായി ലോക ലഹരിവിരുദ്ധ ദിനമായ 2022 ജൂൺ 26 -ന് 14 ജില്ലാ കേന്ദ്രങ്ങളിൽ യുവജനക്ഷേമ ബോർഡിന് കീഴിലുള്ള ടീം കേരള, യൂത്ത്-യുവ ക്ലബ്, ട്രാൻസ്ജെന്റർ ക്ലബ്, അവളിടം യുവതീ ക്ലബ് എന്നിവയുടെ പങ്കാളിത്തത്തോടെ മയക്കുമരുന്നിനെതിരായി സൈക്കിൾ/ബൈക്ക് റാലി സംഘടിപ്പിച്ചു. 2022 |

നവംബർ 10-ന് എറണാകുളം ജില്ലയിലെ ഇൻഫോ പാർക്കിൽ വച്ചും 2022 നവംബർ 17-ന് തിരുവനന്തപുരം ടെക്നോപാർക്കിൽ വച്ചും ലഹരിക്കെതിരായി ഐ.ടി പ്രൊഫഷണലുകളുടെ ക്യാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി.

സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിലെ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം, റാഗിംഗ് - സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം, സ്ത്രീധനം എന്നിവയും തടയുന്നതിനാവശ്യമായ ബോധവത്ക്കരണവും അറിവും നൽകുന്നതിനായി സംസ്ഥാനത്തുടനീളമുള്ള കോളേജുകളെ ഏകോപിപ്പിച്ചുകൊണ്ട് യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തി ബോധവത്ക്കരണ കലാജാഥ 14 ജില്ലകളിലായി സംഘടിപ്പിക്കുവാൻ കേരള സംസ്ഥാന യുവജന കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൻപ്രകാരം തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ടി പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി മേൽപ്പറഞ്ഞ സാമൂഹ്യ വിപത്തുകൾക്കെതിരെയുള്ള ബോധവത്ക്കരണം ലക്ഷ്യമിട്ട് യൂത്ത് ഡിഫൻസ് ഫോഴ്സ് എന്ന പേരിൽ യുവാക്കളായ സന്നദ്ധ പ്രവർത്തകരുടെ ഒരു കൂട്ടായ്മ രൂപീകരിച്ച് സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബ്ബുകൾ തുടങ്ങി യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും വിവിധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

ലഹരിക്കെതിരെ വിദ്യാർത്ഥികളെയും യുവജനങ്ങളെയും സംഘടിപ്പിക്കുന്നതിനായി കായിക യുവജനകാര്യ വകുപ്പ് ഹെൽത്ത് & ഫിറ്റ്നസ് അസ്സെസ്സ്മെന്റ് ആൻറ് ആന്റി-ഡ്രഗ് അവെയർനെസ്സ് ക്യാമ്പയിൻ നടപ്പിലാക്കി വരുന്നു. തുടർച്ചയായി 12 മണിക്കൂറിൽ ഏറ്റവുമധികം പെനാൽറ്റി കിക്കുകൾ ചെയ്തതിനുള്ള ഗിന്നസ് ലോക റെക്കോർഡ് എന്ന പരിപാടിയിൽ ചെറുപ്പക്കാർക്കും വിദ്യാർത്ഥികൾക്കുമായി മയക്കുമരുന്നിനെതിരെയുള്ള അവബോധം കൊണ്ടുവരുന്നതിന് ക്യാമ്പയിൻ സംഘടിപ്പിച്ചിരുന്നു.

കൂടാതെ, എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ലഹരിവസ്തുക്കളുടെ ദുരുപയോഗം ഇല്ലാതാക്കുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ്

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളോടൊപ്പം വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുന്നതിന് വിവിധ തരത്തിലുള്ള ബോധവത്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. എക്സൈസ് വകുപ്പ് രൂപീകരിച്ച ജനജാഗ്രതാ സമിതികളുടെ നേതൃത്വത്തിൽ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ യുവജന പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നു. ആദിവാസി-തീരദേശ മേഖലകളിലെ യുവാക്കളെ ലഹരിയിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും ആരോഗ്യ സംരക്ഷണത്തിനായും പ്രാദേശിക ക്ലബ്ബുകളുടെ സഹകരണത്തോടെ ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഫിറ്റ്നസ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. NDPS കേസുകളിൽ ഉൾപ്പെട്ട 25 വയസിൽ താഴെ പ്രായമുള്ളവർ വീണ്ടും ലഹരി ഉപയോഗ സാധ്യതയിലേക്ക് പോകാതിരിക്കുവാൻ അവർക്ക് കൗൺസിലിങ്/ചികിത്സ നൽകി വരുന്നു. |
| (ബി) | അത്യന്തം മാരകമായ സിന്തറ്റിക് ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് എത്തിക്കുന്ന വാഹകരായി പെൺകുട്ടികളുൾപ്പെടെയുള്ള യുവജനങ്ങൾ വ്യാപകമായി മാറുന്ന സാഹചര്യത്തിൽ ലഹരിയുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചും ലഹരി മരുന്നുകൾ കൈവശം വയ്ക്കുന്നതിനും വിപണനം നടത്തുന്നതിനും ലഭിക്കാവുന്ന ശിക്ഷകളെക്കുറിച്ചും യുവജനങ്ങളെ ബോധവാൻമാരാക്കുന്നതിന് യുവജനകാര്യ വകുപ്പ് കൂടുതൽ പ്രചാരണ പരിപാടികൾ നടപ്പിലാക്കുമോ; വിശദമാക്കാമോ; | (ബി) | യുവജനക്ഷേമ ബോർഡ് രൂപീകരിച്ച അവളിടം യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും സംഘടിപ്പിക്കുന്ന ലഹരിക്കെതിരായുള്ള ബോധവത്കരണ കലാജാഥ 2023 ഫെബ്രുവരി മാസം മുതൽ നിയമസഭാ മണ്ഡലങ്ങളിൽ പര്യടനം നടത്തുന്നതാണ്. ഓരോ ജില്ലയിലും 15 യുവതികൾ അടങ്ങുന്ന സംഘം നടത്തുന്ന കലാജാഥയിൽ തെരുവ് നാടകം, തെരുക്കൂത്ത്, ഫ്ലാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ജാഥയുടെ ജില്ലാതല പരിശീലനം എല്ലാ ജില്ലകളിലും പൂർത്തീകരിച്ചിട്ടുണ്ട്. ഓരോ നിയമസഭാമണ്ഡലത്തിലും സ്കൂൾ, കോളേജ്, പൊതു ഇടങ്ങൾ എന്നിവ കേന്ദ്രീകരിച്ചാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്.<br><br>കേരള സംസ്ഥാന യുവജന കമ്മീഷൻ സംഘടിപ്പിച്ചു വരുന്ന ബോധവത്ക്കരണ പരിപാടികളിൽ ലഹരിയുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചും ലഹരി മരുന്നുകൾ കൈവശം വയ്ക്കുന്നതിനും വിപണനം നടത്തുന്നതിനും ലഭിക്കാവുന്ന ശിക്ഷകളെക്കുറിച്ചും യുവജനങ്ങളെ ബോധവാന്മാരാക്കുന്നതിനുള്ള സന്ദേശം നൽകുന്നുണ്ട്. |
| (സി) | ലഹരിയ്ക്കടിമയാകുന്ന യുവജനങ്ങളെ കണ്ടെത്തി ലഹരി മുക്ത കേന്ദ്രങ്ങളിലെത്തിച്ച് ആവശ്യമായ | (സി) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ച സന്നദ്ധ സേവന സേനയായ കേരള |

| | | | |
|---|---|---|---|
| | ബോധവൽക്കരണവും ചികിത്സയും നൽകുന്നതിന് സംസ്ഥാന യൂത്ത് ആക്ഷൻ ഫോഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തുമോ; വിശദമാക്കുമോ; | | വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിനെ 'ടീം കേരള' (കേരള യൂത്ത് ഫോഴ്സ്) എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. ലഹരിക്ക് അടിമയാകുന്ന യുവജനങ്ങളെ കണ്ടെത്തി ലഹരിമുക്ത കേന്ദ്രങ്ങളിൽ എത്തിച്ച് ആവശ്യമായ ബോധവൽക്കരണവും ചികിത്സയും നൽകുന്നതിന് ടീം കേരളയുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള ഒരു പ്രൊപ്പോസൽ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. |
| (ഡി) | നോ ടു ഡ്രഗ്സ് എന്ന സന്ദേശത്തിലധിഷ്ഠിതമായി യുവജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ശക്തമായ പ്രചാരണ പരിപാടി സംസ്ഥാനത്തുടനീളം സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | നോ ടു ഡ്രഗ്സ് എന്ന സന്ദേശത്തിന്റെ ഭാഗമായി സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം, റാഗിംഗ്- സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം, സ്ത്രീധനം എന്നിവയും തടയുന്നതിനാവശ്യമായ ബോധവത്ക്കരണവും അറിവും നൽകുന്നതിനായി, കേരള സംസ്ഥാന യുവജന കമ്മീഷൻ സംസ്ഥാനത്തുടനീളമുള്ള കോളേജുകളെ ഏകോപിപ്പിച്ചുകൊണ്ട് യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തി ബോധവത്ക്കരണ കലാജാഥ 14 ജില്ലകളിലായി സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൻപ്രകാരം തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ടി പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും പട്ടികജാതി/ പട്ടികവർഗ്ഗ കോളനികളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബ്ബുകൾ തുടങ്ങി യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും വിവിധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.<br><br>സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരെയായി തിരുവനന്തപുരത്തുള്ള കരിമഠം കോളനി, രാജാജി നഗർ എന്നിവിടങ്ങളിലെ ചെറുപ്പക്കാർക്കിടയിൽ “Real to Reel” എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന സിനിമാ നിർമ്മാണ ശിൽപശാല സംഘടിപ്പിച്ചു. ക്യാമ്പിന്റെ ഭാഗമായി ചലച്ചിത്ര മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖർ വിവിധ ക്ലാസ്സുകൾ നയിക്കുകയുണ്ടായി. ലഹരിക്കെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി നിർമ്മിക്കുന്ന പ്രചരണ ചിത്രത്തിന്റെ സംവിധാനവും ഏകോപനവും നിർവ്വഹിച്ചത് കോളനിയിലെ ചെറുപ്പക്കാർ തന്നെയാണ്. |

സെക്ഷൻ ഓഫീസർ